ADJOURNMENT MOTION RE: ALLEPPEY LABOUR SATYAGRAHA.

MR. PRESIDENT : ഓർഡർ, ഓർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. അടുത്തതായി ഒ അഡ്ജോണ്മെൻറ് മോഷൻസിന് നോട്ടീസു കിട്ടിയിട്ടുണ്ട്. ആദ്യത്തേത് മി. പി. റ്റി. ചാക്കോയുടേതാണ്.

"I beg leave to move that the business of the House be adjourned to discuss an urgent matter of public importance, namely, the situation created at Alleppey as a result of the satyagraha of the labourers of the Labour Union Congress and the immediate necessity to take proper measures to meet the same."

ഇതു സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : ആലപ്പുഴ എമ്പയർ കയർ വർക്സിലാണ് സത്യാഗ്രഹം നടക്കുന്നതു്. അവിടെ ട്രേഡ് യൂണിയൻ കാൺഗ്രസിൽ ചേർന്ന ഒരു തൊഴിലാളിയെ ജോലിക്കു നിയമിച്ചു. അതു് അനുവദിക്കാൻ പാടില്ലെന്നു പറഞ്ഞു അവിടത്തെ കമ്മ്യൂണിസ്റ്റ് ഗവർമെന്റ് സേഫ്റ്റിയിൽ ചേർന്നവർ ബഹളമുണ്ടാക്കി. അങ്ങനെ ഫാക്ടറി ഉടമസ്ഥന് ന്യായമായിട്ടു ഒരു തൊഴിലാളിയെ നിയമിക്കാൻ കമ്മ്യൂണിസ്റ്റുകാരുടെ തടസ്സംകൊണ്ടു സാധിക്കാതെവന്നു. ഫാക്ടറി ഉടമസ്ഥൻ ഭയന്നു് അയാളെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. ഇതു് ഒരുകൊണ്ടും സാധൂകരിക്കത്തക്കതല്ല. കമ്മ്യൂണിസ്റ്റുകാരുടെ തടസ്സംമൂലം ഒരു തൊഴിലാളിക്കു ജോലികിട്ടാനും കൊടുക്കാനും പാടില്ലാ എന്നു വരുന്നതു ശരിയല്ല. അതു് ഏതൊരു തൊഴിലാളിയുടേയും അവകാശമാണ്. അതു സ്ഥാപിച്ചുകിട്ടണമെന്ന അവശ്യപ്പെട്ടുകൊണ്ടു് ലേബർ യൂണിയൻ കാൺഗ്രസ് സത്യാഗ്രഹം നടത്തുന്നു. ഇതിനെപ്പറ്റിയായിരിക്കും മി. ചാക്കോയുടെ അടിയന്തിരപ്രമേയമെന്നു ഞാൻ കരുതുന്നു. ഒരു തൊഴിലാളിയെ തിരിച്ചു നിയമിക്കേണ്ടതാണെന്നാണു് ഗവണ്മെൻറിന്റെ അഭിപ്രായം. അങ്ങനെ ന്യായം നടത്തുന്നതിനു് വേണ്ട പിൻതുണയും സഹായവും ചെയ്യുന്നതിനു് ഗവണ്മെൻറ് തയ്യാറാണു്. അതല്ലാതെ കേവലം ഭീഷണികൊണ്ടു നാട്ടിൽ അസമാധാനം ഉണ്ടാക്കുന്നതിനെ അനുവദിക്കുകയാണെങ്കിൽ ആർക്കും നാട്ടിൽ സമാധാനമായി ജീവിക്കാൻ കഴിയാതെവരും. ഇക്കാര്യത്തിൽ ഗവണ്മെൻറ് വേണ്ടതെല്ലാം ചെയ്യാൻ തയാറാണെന്നുള്ള വിവരം അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ആ സ്ഥിതിക്കു് ഈ അഡ്ജോണ്മെൻറുമോഷന്റെ ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : വളരെ അടിയന്തിരമായ ഒരു കാര്യമാണിത്. ഇതേപ്പറ്റി ഈ സഭയിൽ ചർച്ചചെയ്യുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

MR. PRESIDENT : അതിനെപ്പറ്റി വേണ്ടതെല്ലാം ചെയ്യാമെന്നു് ബഹു: പ്രധാനമന്ത്രി പറഞ്ഞ സ്ഥിതിക്ക് ഈ മോഷൻ അവതരിപ്പിക്കണമെന്നു് നിർബന്ധമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. P. S. MUHAMMED : സത്യാഗ്രഹം നടക്കുന്നതു കമ്മ്യൂണിസ്റ്റുകാർക്കു് എതിരായിട്ടോ അതല്ല മുതലാളിക്കു് എതിരായിട്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI : ഫാക്ടറിയിൽ സത്യാഗ്രഹം നടത്തുമ്പോൾ അതു് മുതലാളിക്കു് എതിരായിട്ടാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

MR. P. T. CHACKO : ഇതു് ഗവണ്മെന്റിന്റെയോ മുതലാളിയുടെയോ കുറ്റമല്ല.

MR. A. NESAMONY: On a point of order, Sir I wish to bring to the notice of the President that on a similar occasion previously permission was refused to an Honourable Member of this House to make a statement while his adjournment motion was rejected. So I wish to have a ruling from the Chair whether the Honourable Member is competent to make a statement on this occasion.

MR. PRESIDENT: On that occasion that Honourable Member wanted to make a statement on the decision of the Chair. So I disallowed it. On this occasion I have asked Mr. Chacko whether he is pressing this motion. I have not made a ruling. Mr. Chacko may proceed.

MR. P. T. CHACKO : ഒരു തൊഴിലാളിയുടെ വളരെ പ്രാഥമികമായ അവകാശത്തെ സംബന്ധിച്ച ഒരു തർക്കമാണ് ഇപ്പോൾ ആവർഭവിച്ചിരിക്കുന്നതു്. ഒരു മുതലാളിക്കു് ഒരു തൊഴിലാളിയെ നിയമിക്കുവാനുള്ള അവകാശം ഉണ്ടോ ഇല്ലയോ എന്നുള്ളതിനേക്കാൾ ഏറ്റവും പ്രധാന്യം അർഹിക്കുന്നതു് ഈ തിരുവിതാംകൂറിൽ ഒരു തൊഴിലാളിക്കു് ഏതെങ്കിലും ഒരു സ്ഥലത്തു് ജോലി ചെയ്യുന്നതിനുള്ള അവകാശം ഉണ്ടോ ഇല്ലയോ എന്നുള്ളതാണു്. ഈ സംഗതിയിൽ ആ തൊഴിലാളിയെ ഫാക്ടറിയിൽ ജോലിക്കു നിയമിക്കുന്നതിനു് ഫാക്ടറി ഉടമസ്ഥനു് യാതൊരു തടസ്സവുമില്ല. യഥാർത്ഥത്തിൽ ആ തൊഴിലാളിയെ ഫാക്ടറിയിൽ ജോലിക്കു നിയമിക്കുകയും ചെയ്തു. ആ തൊഴിലാളിയെ ജോലിക്കു നിയമിച്ചതിനുശേഷം ആ തൊഴിലാളിയുടെ യാതൊരു കുറ്റവും കൊണ്ടല്ലാതെ അയാളെ ഫാക്ടറിയിൽനിന്നും പിരിച്ചുവിടു

LIBRARY ARCHIVES Kerala Legislative Assembly

ണമെന്ന ഒരു പ്രത്യേക രാഷ്ട്രീയകക്ഷിയിൽപ്പെട്ട ആളുകൾ ചേർന്ന ഒരു നിവേദനം നടത്തി; ചില പ്രകടനങ്ങളും നടത്തി; അതിന്റെ ഫലമായിട്ടാണ് ആ തൊഴിലാളിയെ പിരിച്ചുവിടേണ്ടിവന്നത്. ഇങ്ങനെ ഈ രാജ്യത്ത് ഒരു തൊഴിലാളിയെ ഒരു വ്യവസായശാലയിൽ വച്ചുകൊണ്ടു വ്യവസായം മുന്നോട്ടുകൊണ്ടുപോകുവാൻ നിവൃത്തിയില്ലെന്നുള്ള ഒരു പരിതഃസ്ഥിതിയാണ് ഇപ്പോൾ വന്നു ചേർന്നിരിക്കുന്നത്.

MR. ABDUL RAZAK : Will the Hon'ble Member please explain whether that particular labourer is not a black leg of the labour force, a black sheep of the labourers in Alleppey?

MR. P. T. CHACKO : ഒരു തൊഴിലാളിക്ക് ഒരു ഫാക്ടറിയിലോ മറെവിടെയെങ്കിലുമോ ജോലി ചെയ്യുവാനുള്ള അവകാശം ഉണ്ടോ, ആ ജോലിയെ തടസ്സപ്പെടുത്തുവാൻ കുറച്ചാളുകൾ ഒച്ചപ്പാടുണ്ടാക്കിയാൽ സാധിക്കുമോ എന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. ഈ സംഭവത്തെ സംബന്ധിച്ചിടത്തോളം മുതലാളിക്കു യാതൊരു അക്ഷേപവുമില്ല. മുതലാളി ജോലി കൊടുക്കാമെന്നും തൊഴിലാളി ജോലി ചെയ്യാമെന്നും സമ്മതിക്കുന്നുണ്ട്. അങ്ങിനെയിരിക്കെ ആ തൊഴിലാളിയെ ജോലിചെയ്യാൻ അനുവദിച്ചാൽ സമാധാനലംഘനം ഉണ്ടാകുമെന്നു പറയുന്നതു വളരെ തെറ്റാണ്. അങ്ങിനെ ഒരു സമാധാനലംഘനം ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണ്. അതിനുവേണ്ട നടപടികളെല്ലാം സ്വീകരിക്കാമെന്നു ബഹു: പ്രധാനമന്ത്രി ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്ക് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ADJOURNMENT MOTION RE: HUNGER STRIKE IN ALLEPPEY LOCK-UP.

MR. PRESIDENT : അടുത്ത അടിയന്തിരപ്രമേയം മി. പി. എസ്സ്. മുഹമ്മദിന്റേതാണ്. It reads as follows :

"I move that the business of the House be adjourned to discuss a matter of urgent public importance, namely, the grave and serious situation arising out of the hunger strike started by the labourers in the Alleppey lock-up and the dangerous condition in which the hunger strikers have been placed at present."

HON'BLE MR. A. THANU PILLAI : സർ, മിസ്റ്റർ പി. എസ്. മുഹമ്മദു പറയുംപോലെ ഇവിടെ ഒരു അഡ ജോൺമെൻറുമോഷൻ അവതരിപ്പിക്കത്തക്കവണ്ണം അതായത് ഒരു ഗ്രേവു ആൻഡ് സീരിയസ് സിറ്റുവേഷൻ ഒന്നും അവിടെ ഉണ്ടായിട്ടില്ല. എന്നാലും ആളുകൾ പ്രതികളായി

LIBRARY ARCHIVES Kerala Legislative Assembly